18.01.22

DESPATCHED
On.01/..21/..22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2307*(2)/2015*/***എസ്.ഐ.സി*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **16193**/*എസ്.ഐ.സി-ജി 6/2015)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ,
മേതല വളപ്പിൽ ഹൗസ്,
എടക്കാട് (പി.ഒ),
കണ്ണൂർ – 670 663. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കെ.എസ്.എഫ്. ഇ റീജിയണൽ ഓഫീസ്,
കണ്ണൂർ.

2. അപ്പീൽ അധികാരി,
കെ.എസ്.എഫ്. ഇ റീജിയണൽ ഓഫീസ്,
കണ്ണൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18/07/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 26/09/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03/10/2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 10/10/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 15/10/2015 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022 – ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.വി. ഉണ്ണികൃഷ്ണൻ, 10/10/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 15/10/2015 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2307(2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 18/07/2015 തീയതി ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ കണ്ണൂർ, റീജിയണൽ ഓഫീസിൽ ജോലി ചെയ്യുന്ന പ്യൂണിനെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

4. 26/09/2015 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പടി അപ്പീൽ ഹർജിക്ക് 03/10/2015-ന് നൽകിയ മറുപടിയിൽ 06/12/2014-ന് നടന്ന അദാലത്തിൽ ഇത്തരമൊരു പ്യൂൺ (ആർആർ വിഭാഗം)-ൽ ജോലി ചെയ്തിരുന്നില്ലെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, 26/08/2015-ന് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. 07/01/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 18/07/2015 തീയതി എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ചു എന്ന് പറയുന്ന അപേക്ഷ ടി ഓഫീസ് രേഖകൾ പ്രകാരം ലഭിച്ചതായി കാണുന്നില്ലെന്നും, ഇത് സംബന്ധിച്ച് കമ്മീഷൻ ഓഫീസിൽ നിന്നും 18/07/2015-ലെ അപേക്ഷയുടെ പകർപ്പ് ടി ഓഫീസിൽ ലഭിച്ചത് പരിശോധിച്ചതിൽ നിന്നും ടിയാൻ ഇതേ വിവരങ്ങൾക്കായി 14/07/2015-ന് അപേക്ഷ സമർപ്പിക്കുകയും 28/07/2015-ന് ടി ഓഫീസിൽ ലഭിക്കുകയും ആയതിന് 26/08/2015-ന് മറുപടി നൽകുകയും ചെയ്തിട്ടുണ്ടെന്നും, കമ്മീഷൻ മുമ്പാകെ ഇതിനോടനുബന്ധിച്ച് അപ്പീൽ സമർപ്പിക്കുകയും ആയത് സംസ്ഥാന വിവരാവകാശ കമ്മീഷണർ AP No. 2476(6)/2015/SIC (File No. 15806/SIC-G5/2015) നമ്പറായി 04/03/2020-ന് തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും 07/01/2022–ലെ രണ്ടാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ഹർജിക്കാരൻ സമാനമായ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച മറ്റൊരു അപേക്ഷ മുഖ്യ വിവരാവകാശ കമ്മീഷണർ AP 2476(6)/2015/SIC(File No. 15806/SIC-G5/2015) ഫയൽ പ്രകാരം 04/03/2020–ൽ തീർപ്പാക്കിയിട്ടുള്ളതിനാലും കൂടുതൽ ഇടപെടലുകൾ ആവശ്യമില്ലെന്ന് കമ്മീഷൻ വിലയിരുത്തുന്നതിനാലും ഈ അപ്പീൽ ഹർജി ഇപ്രകാരം ഇന്നേ ദിവസം **2022 ജനുവരി 18–നു** തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

AV